MONDAY 20-06-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Sunilkumar R** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/06/2022.

1. കേരള കാർഷിക സർവകലാശാലയുടെ തൃശൂർ വെള്ളാനിക്കര കൊക്കോ ഗവേഷണ കേന്ദ്രത്തിൽ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം കൊക്കോ തൈകൾ തൈ ഒന്നിന് 20 രൂപയ്ക്ക് വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2438451, 2438452, 9061846212, 9446622960** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. ജില്ലാ കൃഷിതോട്ടം കൂത്താളിയിൽ, കുറ്റ്യാടി തെങ്ങിൻ തൈകൾ (WCT) തൈ ഒന്നിന് 100 രൂപ നിരക്കിലും, കാസർകോടൻ കമുകിൻ തൈ ഒന്നിന് 12 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാർ ആയിട്ടുണ്ട്. ആവശ്യമുള്ളവർ കൂത്താളി ജില്ലാ കൃഷിത്തോട്ടവുമായി ബന്ധപ്പെടേണ്ടതാണെന്ന് സൂപ്രണ്ട് അറിയിച്ചു

3. വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്തുള്ള തിരുവാഴാംകുന്ന് പ്രവർത്തിക്കുന്ന വളർത്തു പക്ഷി ഗവേഷണ കേന്ദ്രത്തിൽ നിന്നും ഇറച്ചിക്കായി ഉപയോഗിക്കാവുന്ന 4 മാസം പ്രായമുള്ള സങ്കരയിനത്തിൽപ്പെട്ട പൂവൻ കോഴികൾ കിലോക്ക് 140 രൂപ നിരക്കിലും മുട്ടക്കോഴികൾ ഒന്നിന് 255 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **04924 293885, 6282907009**. എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. കേരള കാർഷിക സർവ്വകലാശാലയുടെ തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'ആസാദി കാ അമൃത് മഹോത്സവു'മായി ബന്ധപ്പെട്ട് നാളെ (21.06.2022) രാവിലെ 10 മണിക്ക് '**മണ്ണിന്റെ ആരോഗ്യ പരിപാലനം, സന്തുലിത വളപ്രയോഗം**' എന്ന വിഷയത്തിൽ കൃഷി പാഠശാല സംഘടിപ്പിക്കുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ് .

6. ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഈ മാസം 28 മുതൽ 30 വരെ (ജൂൺ 28 മുതൽ 30) രാവിലെ 10 മണി മുതൽ മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ **ഹൈഡ്രോപോണിക്സ്** വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് ക്ലാസുകൾ ഉണ്ടായിരിക്കും. താൽപര്യമുള്ളവർ **0487–2960079, 9037033547, 9961533547** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22, 23 (22/06/22, 23/06/22 ) തീയതികളിൽ രാവിലെ പത്ത് മണി മുതൽ ഒരു മണി വരെ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469 2965535** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടോ, **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ജൂൺ 22 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. തെങ്ങിൻ തോട്ടങ്ങളിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് ഉണ്ടാവുന്ന ഉയർന്ന ആപേക്ഷിക ആർദ്രതയാണ് തെങ്ങിന്റെ **മണ്ട ചീയലി**ന് കാരണമാകുന്ന കുമിളിന് വളരാൻ സഹായിക്കുന്നത്.

**ലക്ഷണങ്ങൾ**

രോഗം ബാധിച്ച തെങ്ങിന്റെ നാമ്പോലക്കു ചുറ്റുമുള്ള ഒന്നോ രണ്ടോ ഓല മഞ്ഞളിക്കുന്നു. നാമ്പോലകളിലും ഒന്നോ രണ്ടോ ഓലകളിലും ഇളം കറുപ്പുനിറത്തിലുള്ള നനഞ്ഞ പാടുകൾ പ്രത്യക്ഷപ്പെടുന്നു. നാമ്പോലകളിൽ പാടുകൾ ബാധിച്ച ഭാഗങ്ങൾ അഴുകുന്നതോടെ അവ വാടി ഉണങ്ങി ഒടിയുന്നു. അഴുകൽ തെങ്ങിന്റെ കണ്ണാടി മുതൽ മണ്ടവരെ എത്തുമ്പോഴേയ്ക്കും അസുഖം മൂർച്ഛിക്കുന്നു. ഈ അവസ്ഥകളിൽ കേടു ബാധിച്ച നാമ്പോല വലിച്ചാൽ എളുപ്പത്തിൽ ഊരിവരുന്നതായും കാണാം. രോഗം ബാധിച്ച തെങ്ങുകളുടെ മണ്ട മറിഞ്ഞുവീഴുന്നത് കാണാം. മണ്ട ചീയൽ ഉണ്ടാക്കുന്ന കുമിൾ, മച്ചിങ്ങ പൊഴിച്ചിലിനും കാരണമാകുന്നു.

**നിയന്ത്രണ മാർഗ്ഗങ്ങൾ**

തെങ്ങിന്റെ മണ്ട വൃത്തിയാക്കണം, താഴ്ന്ന പ്രദേശങ്ങളിൽ മതിയായ നീർവാർച്ചാ സൗകര്യം ഒരുക്കണം, നാമ്പോലയിൽ കേടു ബാധിച്ചു കാണുന്ന ഭാഗങ്ങൾ മൂർച്ഛയുള്ള കത്തികൊണ്ട് ചെത്തിമാറ്റണം. ചെത്തി മാറ്റിയ ഭാഗങ്ങൾ കത്തിച്ചു കളയണം. മുറിപ്പാടിന് ചുറ്റും ബോർഡോ കുഴമ്പ് പുരട്ടുകയും പോളിത്തീൻ കവർ കൊണ്ട് പൊതിഞ്ഞു സൂക്ഷിക്കുകയും വേണം. മാങ്കോസെബ് സാഷേ അല്ലെങ്കിൽ ട്രൈക്കോഡെർമ കേക്ക് ഒരു തെങ്ങിന് രണ്ടെണ്ണം വീതം കൂമ്പോല കവിളിൽ വെച്ചുകൊടുക്കുക. കൂടാതെ രോഗം ബാധിച്ച തെങ്ങിലും ചുറ്റുമുള്ള തെങ്ങിലും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കണം. ട്രൈക്കോഡെർമ കേക്ക് ഓലയുടെ കവിളിൽ വയ്ക്കുക. രണ്ട് മാസത്തെ ഇടവേളകളിൽ ഇവ തുടരാം.